## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സീനിയർ സൂപ്രണ്ട് തസ്തികയിലെ സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**ഉത്തരവ് നമ്പർ എസ്റ്റാ.സി1/2109/2019/കോ.വി.വ (2) തീയതി : 07/02/2020**

---

പരാമർശം:- 1. 25/01/2020 - ലെ സ.ഉ (കൈ) നം.53/2020/ഉ.വി.വ

2. 25/01/2020 - ലെ സി1/63851/2019/കോ.വി.വ ആയി വിജ്ഞാപനം ചെയ്ത ജൂനിയർ സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റ്.

3. ശ്രീമതി.പ്രേമ.ബി, ജൂനിയർ സൂപ്രണ്ട് 05/02/2020 - ൽ സമർപ്പിച്ച അപേക്ഷ.

### ഉത്തരവ്

പരാമർശം (1) പ്രകാരം ഇടുക്കി ശാന്തൻപാറ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിൽ സീനയർ സൂപ്രണ്ട് തസ്തികയിൽ പുതിയതയി തസ്തിക സൃഷ്ടിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ സാഹചര്യത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിൽ ഒരൊഴിവുണ്ട്.

പരാമർശം (1) പ്രകാരം വിജ്ഞാപനം ചെയ്ത സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് പ്രൊമോഷനുള്ള 2020 വർഷത്തിലെ സെലക്ട് ലിസ്റ്റിലെ ക്രമ.നമ്പർ 1 ശ്രീമതി.പ്രേമ.ബി (ജൂനിയർ സൂപ്രണ്ട്), കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യലയം) പരാമർശം (3) പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം ഒരു വർഷത്തേക്ക് താത്ക്കാലികമായി നിരസിച്ചുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടി ഒഴിവിലേയ്ക്ക് പരാമർശം (2) പ്രകാരം വിജ്ഞാപനം ചെയ്ത ജൂനിയർ സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമമനുസരിച്ച് താഴെപറയുന്ന ജൂനിയർ സൂപ്രണ്ടിനെ 36600 - 79200/- രൂപ ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | പരാമർശം (2) സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ | സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിയ്ക്കുന്ന സ്ഥാപനം |
|---|---|---|---|
| 1. | ശ്രീ.അനിമോൻ.വി ജൂനിയർ സൂപ്രണ്ട്, കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയം, തിരുവനന്തപുരം, (ഹോംസ്റ്റേഷൻ, തിരുവനന്തപുരം) | 2 ((ക്രമ നമ്പർ 01 സ്ഥാനക്കയറ്റം താത്ക്കാലികമായി നിരസിച്ചിട്ടുണ്ട്.) | ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, ശാന്തൻപാറ (പുതിയതായി സൃഷ്ടിക്കപ്പെട്ട തസ്തികയിൽ) |

ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം നലകി നിയമിച്ചിട്ടുള്ള ജീവനക്കാരൻ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ വാങ്ങി സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിയ്ക്കേണ്ടതാണ്. ജീവനക്കാരൻ ജോലിയിൽ പ്രവേശിയ്ക്കുന്ന വിവരം സ്ഥാപന മേധാവി യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരൻ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ശമ്പളനിർണ്ണയം ലഭിക്കുന്നതിനായി ആവശ്യമായ സത്യവാങ്മൂലം അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതാണ്.

ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.collegiateedu.kerala.gov. in – ൽ ലഭ്യമാണ്.

ഒപ്പ്/–
വി.വിഘ്നേശ്വരി.ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
3. സി.എ – ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനയർ ഫിനാൻസ് ഓഫീസർ
4. നടപ്പ് ഫയൽ / കരുതൽ ഫയൽ

//അംഗീകാരത്തോടെ//